**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4167** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പഠനം നടത്താൻ കഴിയാത്ത കുട്ടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 2020-21 അദ്ധ്യയന വർഷത്തിൽ പഠനോപകരണങ്ങൾ ഇല്ലാത്തതിന്റെ പേരിൽ ഓൺലൈൻ പഠനം നടത്താൻ കഴിയാത്ത എത്ര കുട്ടികൾ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ? | (എ) | 2020-21 അദ്ധ്യയന വർഷത്തിൽ സ്കൂൾ തുറക്കാത്ത സാഹചര്യത്തിൽ വിക്ടേഴ്സ് ചാനൽ വഴി ഡിജിറ്റൽ ക്ലാസ്സുകളാണ് കുട്ടികൾക്ക് നൽകിയത്. അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ ടെലിവിഷൻ ഇല്ലാത്ത വിക്ടേഴ്സ് ചാനൽവഴി ക്ലാസ്സുകൾ കാണാൻ കഴിയാത്ത കുട്ടികൾ ഉണ്ടായിരുന്നെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, സർക്കാരിതര ഏജൻസികൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, സ്കൂൾ അധികൃതർ, പി.ടി.എ/ എസ്.എം.സി തുടങ്ങിയവരുടെ സഹായ സഹകരണത്തോടെ ടെലിവിഷൻ വിതരണം ചെയ്യുകയും കൂടാതെ അയൽപക്ക പഠന കേന്ദ്രങ്ങളും, ഊരു വിദ്യാ കേന്ദ്രങ്ങളും ഒരുക്കി എല്ലാ കുട്ടികൾക്കും ജൂൺ അവസാനത്തോടെ ഡിജിറ്റൽ പഠനം സാധ്യമാക്കുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ